**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**
**ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി**
**2026 – മാണ്ട് മാർച്ച് മാസം 26 -)o തീയതി**

# ST. No. 77 / 2019

| | | | |
|---|---|---|---|
| പരാതിക്കാരൻ | : | | കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പോലീസ് സബ്ബ് ഇൻസ്പെക്ടർ, അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 07/2019 (പ്രതിനിധീകരിക്കുന്നത് ശ്രീമതി ഫരീദ ടി.കെ, A.P.P. സീനിയർ ഗ്രേഡ്) |
| കുറ്റാരോപിതർ | : | A1. | രാഹുൽ, 27 വയസ്സ് , S/o. വിനോദ്, പുതുവൽ കോമന വീട് , അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് വാർഡ് – XV, ആലപ്പുഴ |
| | | A2. | ശരത്ത് , 25 വയസ്സ് , S/o. സുനിൽ, പുതുവൽ കോമന വീട് , അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് വാർഡ് – XV, ആലപ്പുഴ |
| | | A3. | പ്രവീൺ, 26 വയസ്സ് , S/o. പ്രകാശ് , പുതുവൽ കോമന വീട് , അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് വാർഡ് – XV, ആലപ്പുഴ<br>(പ്രതിനിധീകരിക്കുന്നത് അഡ്വ. കെ ശ്രീകുമാർ) |
| | | A4. | ജിത്തു, 25 വയസ്സ് , S/o. ബിജു, പുതുവൽ കോമന വീട് , അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് വാർഡ് – XV, ആലപ്പുഴ (Split up) |
| കുറ്റം | : | | ഇന്ത്യൻ ശിക്ഷാ നിയമം 294(b), 323, 341 r/w 34 വകുപ്പുകൾ |
| പ്രതി വാദം | : | | കുറ്റം ചെയ്തിട്ടില്ല |
| കണ്ടെത്തൽ | : | | കുറ്റം ചെയ്തിട്ടില്ല |

വിധി : ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം 1 മുതൽ 3 വരെ പ്രതികളെ കുറ്റവിമുക്തരാക്കിയിരിക്കുന്നു. 4–)ം പ്രതിക്ക് എതിരെയുള്ള കേസ് split up ചെയ്ത് ST.62/2025 ആയി റീഫയൽ ചെയ്തിരിക്കുന്നു.

## പ്രതികളുടെ വിവരണം

| നം. | പേര് | അച്ഛന്റെ പേര് | തൊഴിൽ | വിലാസം | വയസ്സ് |
|---|---|---|---|---|---|
| 1. | രാഹുൽ | വിനോദ് | ..... | പുതുവൽ കോമന വീട് , അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് വാർഡ് – XV, ആലപ്പുഴ | 27 |
| 2. | ശരത്ത് | സുനിൽ | ..... | പുതുവൽ കോമന വീട് , അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് വാർഡ് – XV, ആലപ്പുഴ | 25 |
| 3. | പ്രവീൺ | പ്രകാശ് | ..... | പുതുവൽ കോമന വീട് , അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് വാർഡ് – XV, ആലപ്പുഴ | 26 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | ഫൈനൽ റിപ്പോർട്ട് ഫയൽ ചെയ്തത് | പ്രതികൾ ഹാജരായത് / അറസ്റ്റ് ചെയ്തത് | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് | വിചാരണ അവസാ–നിച്ചത് | വിധി |
|---|---|---|---|---|---|---|---|
| 31.12.2018 | 01.01.2019 | 11.03.2019 | 29.10.2022 | 29.10.2022 | 13.11.2025 | 12.03.2026 | 26.03.2026 |

ഈ കേസ് 12.03.2026 തീയതി കോടതി മുമ്പാകെ വാദങ്ങൾക്കായി വന്നതിൽ 26.03.2026 തീയതി ഈ കോടതി പ്രസ്താവിക്കുന്ന

# വിധി ന്യായം

1. ഈ കേസ് അമ്പലപ്പുഴ പോലീസ് ഇന്ത്യൻ ശിക്ഷാ നിയമം 294(b), 323, 341 r/w 34 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈംനമ്പർ 07/2019 ആയി അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ചതാണ്.

2. പ്രോസിക്യൂഷൻ ആരോപണങ്ങൾ ചുരുക്കത്തിൽ താഴെ പറയും വിധമാണ് :-

ഒന്നാം പ്രതിയുടെ മോട്ടോർ സൈക്കിൾ പോലീസ് എടുത്ത് കൊണ്ടുപോയത് ഒന്നാം സാക്ഷി പോലീസിൽ വിവരം കൊടുത്തതാണെന്നുള്ള തെറ്റിദ്ധാരണ മൂലം പ്രതികൾക്ക് ഒന്നാം സാക്ഷിയെ ദേഹോപദ്രവം ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോട് കൂടി 1 മുതൽ 4 വരെ പ്രതികൾ ചേർന്ന് 31.12.2018 തീയതി രാത്രി 11 മണിയോട്ടുകൂടി അമ്പലപ്പുഴ വില്ലേജിൽ അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് XV-ാം വാർഡിൽ അമ്പലപ്പുഴ-പുന്നപ്ര തീരദേശ റോഡിൽ വ്യാസ ജംഗ്ഷന്റെ സമീപം റോഡരികിൽ വെച്ച് രണ്ടും മൂന്നും സാക്ഷികളോട് സംസാരിച്ചു നിന്ന ഒന്നാം സാക്ഷിയെ ഒന്നാം പ്രതി "നീ ഞങ്ങളെ പോലീസിന് ഒറ്റിക്കൊടുക്കുമോടാ തായോളി" എന്ന് ചോദിച്ച് കൊണ്ട് നെഞ്ചത്ത് ചവിട്ടി താഴെയിട്ടും താഴെ നിന്ന് എഴുന്നേൽക്കാൻ ശ്രമിച്ച ഒന്നാം സാക്ഷിയെ രണ്ടും മൂന്നും നാലും പ്രതികൾ ചേർന്ന് അന്യായ തടസ്സം ചെയ്തും കൈകൊണ്ട് പുറത്തും കഴുത്തിലും അടിച്ചും ഇടിച്ചും വേദനിപ്പിച്ചും കൃത്യത്തിന് പരസ്പരം ഉത്സാഹികളും സഹായികളുമായി പ്രവർത്തിച്ച് പ്രതികൾ മേൽ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തു എന്നതാണ് കുറ്റച്ചുരുക്കം.

3. ക്രിമിനൽ നടപടി ചട്ടം 173 വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ചു. പരിഗണനയ്ക്ക് എടുക്കാൻ തക്കമുള്ള കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ടെന്ന് കണ്ട് മേൽ അക്കമിട്ട് 1 മുതൽ 4 വരെ പ്രതികൾക്ക് കോടതിയിൽ ഹാജരാകാനുള്ള കല്പന അയച്ചു.

4. 1 മുതൽ 3 വരെ പ്രതികൾ ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരാകുകയും ജാമ്യത്തിന് അർഹരായതിനാൽ ടിയാളുകളെ ജാമ്യത്തിൽ വിടുകയും ചെയ്തു. 4-ാം പ്രതി ഒളിവിൽ പോയിട്ടുള്ളതും കോടതി മുമ്പാകെ ഇതുവരെ ഹാജരാകാത്തതിന് ടിയാന് എതിരെയുള്ള കേസ് split up ചെയ്തിട്ടുള്ളതാണ്.

5. കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ 1 മുതൽ 3 വരെ പ്രതികൾക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണെന്ന് സമ്മതിച്ച സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി ചട്ടം 207 വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

6. 1 മുതൽ 3 വരെ പ്രതികളെ ഇന്ത്യൻ ശിക്ഷാ നിയമം 294(b), 323, 341 r/w 34 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ച കേൾപ്പിച്ചു. പ്രതികൾ കുറ്റം നിഷേധിച്ചു. വിചാരണ വേണം എന്ന് ആവശ്യപ്പെട്ടു.

7. വിചാരണ ഭാഗം തെളിവിലേക്കായി PW1 ഉം PW2 ഉം സാക്ഷികളെ വിസ്തരിക്കുകയും ജാപ്ത P1 രേഖ അക്കമിടുകയും ചെയ്തു. ആയത് തെളിവിൽ സ്വീകരിച്ചു. മറ്റ സാക്ഷികളെ കോടതി മുമ്പാകെ വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സാക്ഷി പട്ടികയിൽ സാക്ഷ്യപ്പെടുത്തി കോടതി മുമ്പാകെ സമർപ്പിച്ചു.

8. PW1 ഉം PW2 ഉം വിചാരണ ഭാഗം സാക്ഷികൾ നൽകിയ തെളിവുകളിൽ ഒന്നും തന്നെ 1 മുതൽ 3 വരെ പ്രതികൾക്ക് എതിരായ കുറ്റാരോപണം സ്ഥാപിക്കുന്ന യാതൊരു സാഹചര്യങ്ങളും വെളിവാകാത്തതിനാൽ ക്രിമിനൽ നടപടി ചട്ടം 313(1)(b) വകുപ്പ് പ്രകാരമുള്ള ചോദ്യം ചെയ്യൽ ഒഴിവാക്കി.

9. പ്രതിഭാഗത്ത് നിന്ന് തെളിവുകൾ ബോധിപ്പിക്കുന്നതിന് അവസരം നൽകിയെങ്കിലും യാതൊരു വിധ തെളിവുകളും ഹാജരാക്കുകയുണ്ടായില്ല.

10. ഇരു ഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

11. താഴെ പറയുന്ന ചോദ്യങ്ങൾ കോടതിയുടെ പരിഗണയ്ക്കായി വന്നു.

I). ഒന്നാം പ്രതിയുടെ മോട്ടോർ സൈക്കിൾ പോലീസ് എടുത്ത് കൊണ്ടുപോയത് ഒന്നാം സാക്ഷി പോലീസിൽ വിവരം കൊടുത്തതാണെന്നുള്ള തെറ്റിദ്ധാരണ മൂലം പ്രതികൾക്ക് ഒന്നാം സാക്ഷിയെ ദേഹോപദ്രവം ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോട് കൂടി 1 മുതൽ 4 വരെ പ്രതികൾ ചേർന്ന് 31.12.2018 തീയതി രാത്രി 11 മണിയോടുകൂടി അമ്പലപ്പുഴ വില്ലേജിൽ അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് XV-ാം വാർഡിൽ അമ്പലപ്പുഴ-പുന്നപ്ര തീരദേശ റോഡിൽ വ്യാസ ജംഗ്ഷന്റെ സമീപം റോഡരികിൽ വെച്ച് രണ്ടും മൂന്നും സാക്ഷികളോട് സംസാരിച്ചു നിന്ന ഒന്നാം സാക്ഷിയെ ഒന്നാം പ്രതി "നീ ഞങ്ങളെ പോലീസിന് ഒറ്റിക്കൊടുക്കുമോടാ തായോളി" എന്ന് ചോദിച്ച് കൊണ്ട് നെഞ്ചത്ത് ചവിട്ടി താഴെയിട്ടും താഴെ നിന്ന്

എഴുന്നേൽക്കാൻ ശ്രമിച്ച ഒന്നാം സാക്ഷിയെ രണ്ടും മൂന്നും നാലും പ്രതികൾ ചേർന്ന് അന്യായ തടസ്സം ചെയ്തും കൈകൊണ്ട് പുറത്തും കഴുത്തിലും അടിച്ചും ഇടിച്ചും വേദനിപ്പിച്ചും കൃത്യത്തിന് പരസ്പരം ഉത്സാഹികളും സഹായികളുമായി പ്രവർത്തിച്ച് പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 294(b), 323, 341 r/w 34 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

II). കേസിലെ തീരുമാനം എന്താണ് ?

**<u>പരിഗണന വിഷയം I</u> :-**

12. ഈ കേസിലെ ആവലാതിക്കാരനെ ഒന്നാം സാക്ഷിയായി വിചാരണ ഭാഗം ചേർത്തിട്ടുള്ളതും PW1 ആയി കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതുമാണ്. കേസിലെ സംഭവ സാക്ഷികൾ ആയിട്ടുള്ള 2, 3 സാക്ഷികളിൽ രണ്ടാം സാക്ഷിയെ PW2 ആയി കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതും, മൂന്നാം സാക്ഷി വിദേശത്ത് ആയതിനാൽ ടിയാനെ കോടതി മുമ്പാകെ വിസ്തരിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ 4 മുതൽ 7 വരെയുള്ള സാക്ഷികളെ കോടതി മുമ്പാകെ വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സാക്ഷി പട്ടികയിൽ സാക്ഷ്യപ്പെടുത്തി കോടതി മുമ്പാകെ സമർപ്പിച്ചു.

13. ഈ കേസിന് ആസ്പദമായ സംഭവത്തിൽ തനിക്ക് പരിക്ക് പറ്റിയെന്നും, 2018 ലാണ് സംഭവം നടന്നതെന്നും, ഡിസംബർ 30 ന് സംഭവം നടന്നതായിട്ടാണ് ഓർമ്മ എന്നും, വ്യാസ ജംഗ്ഷന് തെക്ക് വശത്ത് വെച്ച് രാത്രി 11 മണിക്കാണ് കേസിന് ആസ്പദമായ സംഭവം നടന്നതെന്നും, വ്യാസ ജംഗ്ഷന് തെക്ക് വശം ന്യൂഇയർ പരിപാടി നടക്കുകയായിരുന്നു എന്നും, അപ്പോൾ ഒരു പോലീസ് ജീപ്പ് വരുകയും കുറച്ച് ആളുകൾ ചിതറി ഓടിയെന്നും അതിൽ ഒരു ബൈക്ക് പോലീസ് കൊണ്ടു പോയെന്നും താൻ പോലീസിനോട് പറഞ്ഞത് കൊണ്ടാണ് ടി ബൈക്ക് കൊണ്ട് പോയതെന്ന് പറഞ്ഞാണ് പ്രതികൾ തന്നെ ആക്രമിച്ചതെന്നും പരിക്ക് പറ്റിയതിനെ തുടർന്ന് ഒരാഴ്ച താൻ ചികിത്സയിലായിരുന്നു എന്നും ആയതിനെ സംബന്ധിച്ച് പോലീസിൽ പ്രഥമ വിവര മൊഴി പറഞ്ഞെങ്കിലും, കേസിന് ആസ്പദമായ സംഭവത്തിൽ തന്നെ ആക്രമിച്ചത് ആരാണെന്ന് അറിയില്ല എന്നും, സംഭവ സമയം അവിടെ കൂടിനിന്ന ആളുകൾ പറഞ്ഞത് അനുസരിച്ചാണ് പ്രതികളുടെ പേരുകൾ പോലീസിൽ പറഞ്ഞു കൊടുത്തതെന്നും, കേസ് കാര്യങ്ങൾ

തമ്മിൽ പറഞ്ഞ് തീർത്തു എന്നും PW1 കോടതി മുമ്പാകെ മുഖ്യവിസ്താര വേളയിൽ മൊഴി നൽകിയിരിക്കുന്നു.

14. സംഭവ സാക്ഷി ആയിട്ടുള്ള രണ്ടാം സാക്ഷിയെ PW2 ആയി കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതും, കേസിലെ ഒന്നാം സാക്ഷി സബീറിനെ അറിയാമെന്നും തന്റെ സുഹൃത്താണെന്നും, എന്നാൽ ഒന്നാം സാക്ഷി സബീറിന് പരിക്ക് പറ്റാൻ ഇടയായ സംഭവം കണ്ടിട്ടില്ല എന്നും, സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിന് മൊഴി നൽകിയിട്ടില്ല എന്നും PW2 മുഖ്യവിസ്താര വേളയിൽ കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

15. കേസിലെ സംഭവ സാക്ഷി ആയിട്ടുള്ള മൂന്നാം സാക്ഷി വിദേശത്ത് ആയതിനാൽ ടിയാനെ കോടതി മുമ്പാകെ വിസ്തരിച്ചിട്ടില്ലാത്തതാണ്. കൂടാതെ 4 മുതൽ 7 വരെയുള്ള സാക്ഷികളെ കോടതി മുമ്പാകെ വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സാക്ഷി പട്ടികയിൽ സാക്ഷ്യപ്പെടുത്തി കോടതി മുമ്പാകെ സമർപ്പിച്ചു.

16. ഇന്ത്യൻ ശിക്ഷാ നിയമം 294(b), 323, 341 r/w 34 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടണമെങ്കിൽ പ്രതികൾക്കെതിരെ ടി കുറ്റങ്ങൾ സംശയലേശമെന്യേ തെളിയിക്കേണ്ടതുണ്ട്. ഈ കേസിൽ പ്രതികൾക്കെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ തെളിയിക്കാൻ വിചാരണ ഭാഗത്തിന് കഴിഞ്ഞിട്ടില്ല. ആവലാതിക്കാരനായ PW1 തനിക്ക് കേസിന് ആസ്പദമായ സംഭവത്തിൽ പരിക്ക് പറ്റിയെങ്കിലും തന്നെ അക്രമിച്ചത് ആരാണെന്ന് അറിയില്ല എന്നും, സംഭവ സമയം അവിടെ കൂടിനിന്ന ആളുകൾ പറഞ്ഞത് അനുസരിച്ചാണ് പ്രതികളുടെ പേരുകൾ പോലീസിൽ പറഞ്ഞു കൊടുത്തതെന്നും, കേസ് കാര്യങ്ങൾ തമ്മിൽ പറഞ്ഞ് തീർത്തു എന്നും PW1 മൊഴി നൽകി. കൂടാതെ ആവലാതിക്കാരൻ (PW1) പ്രതികളെ കോടതി മുമ്പാകെ തിരിച്ചറിഞ്ഞിട്ടില്ലാത്തതാണ്. സംഭവ സാക്ഷിയായ PW2 പറഞ്ഞത് പ്രകാരം ഒന്നാം സാക്ഷിയെ അറിയാമെങ്കിലും ടിയാൾക്ക് പരിക്ക് പറ്റാൻ ഇടയായ സംഭവം കണ്ടിട്ടില്ല എന്നും, സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നും വ്യക്തമായി മൊഴി നൽകിയിട്ടുണ്ട്.

17. ഈ കേസിലെ സംഭവ സാക്ഷിയായി സാക്ഷി പട്ടികയിൽ കാണിച്ച PW2, കേസിന് ആസ്പദമായ കൃത്യം ചെയ്തത് ആരാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. സംഭവത്തിൽ പരിക്ക് പറ്റിയ PW1 പോലും കേസിൽ വിചാരണ നേരിടുന്ന പ്രതികളാണ് കൃത്യം ചെയ്തത് എന്ന് മൊഴി പറഞ്ഞിട്ടില്ല. വിചാരണ ഭാഗം

സാക്ഷികളുടെ മൊഴികളും രേഖകളും പ്രതികൾക്ക് എതിരെയുള്ള അപരാധം തെളിയിക്കുന്നതിന് അപര്യാപ്തമാണ്. പ്രതികളുടെ അപരാധം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു എന്നും 1 മുതൽ 3 വരെയുള്ള പ്രതികൾ നിരപരാധികൾ ആണെന്നും ഫലത്തിൽ കാണാവുന്നതാണ്. ആയതിനാൽ ഈ പരിഗണന വിഷയം വിചാരണ ഭാഗത്തിന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം II :-</u>**

18. മേൽപറഞ്ഞ പരിഗണന വിഷയത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 1 മുതൽ 3 വരെ പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 294(b), 323, 341 r/w 34 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി പ്രതികളെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തരാക്കിയിരിക്കുന്നു. 1 മുതൽ 3 വരെ പ്രതികളുടെ ജാമ്യ കച്ചീട്ടുകൾ ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. 1 മുതൽ 3 വരെ പ്രതികളെ നിരുപാധികം സ്വതന്ത്രർ ആയി വിട്ടയക്കുന്നു. 4-)ം പ്രതിക്ക് എതിരെയുള്ള കേസ് split up ചെയ്ത് ST. 62/2025 ആയി റീഫയൽ ചെയ്തിരിക്കുന്നു.

ഈ വിധിക്ക് എതിരായി ആക്ഷേപം ഉണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 26 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

## അനുബന്ധം

A. പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | സബീർ |
| PW2 | സജീർ |

B.കുറ്റാരോപിതർ ഭാഗം സാക്ഷികൾ – ഇല്ല

C.കോടതി ഭാഗം സാക്ഷികൾ – ഇല്ല

D.പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW1) | പ്രഥമ വിവര പ്രസ്താവന |

E. കുറ്റാരോപിതർ ഭാഗം തെളിവുകൾ – ഇല്ല

F. കോടതി ഭാഗം തെളിവുകൾ – ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ – ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**